ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 28.02.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). രാജ്യത്തെ നീതി നിർവ്വഹണ പ്രക്രിയയിൽ സുപ്രധാനമായ ഫോറൻസിക് മേഖലയിൽ സ്ത്രീപ്രാതിനിധ്യം കൂടുന്നതിൽ അഭിമാനമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

President Droupadi Murmu Expresses Pride in Growing Female Representation in Forensic Sector of Justice System.

2). ഇന്ന് ദേശീയ ശാസ്ത്ര ദിനം. ശാസ്ത്രവും നൂതനത്വവും ജനകീയമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

Today is National Science Day: PM Narendra Modi Urges Everyone to Popularize Science and Innovation.

3). സമഗ്ര ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന ആരോഗ്യ നയമാണ് രാജ്യത്ത് നടപ്പിലാക്കി വരുന്നതെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ.

Union Health Minister JP Nadda says Comprehensive Health Policy Focusing on Universal Healthcare is Being Implemented in the Country.

4). വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ പുനരധിവാസം വൈകുന്നതിൽ പ്രതിപക്ഷ പ്രതിഷേധം; പുനരധിവാസത്തിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം തന്നെയുണ്ടാകുമെന്നും ആശങ്ക വേണ്ടെന്നും മന്ത്രി കെ രാജൻ.

Opposition's Protest Over Delay in Wayanad Landslide Victims' Rehabilitation; Minister K. Rajan Assures Action This Fiscal Year.

5). രഞ്ജി ട്രോഫി ഫൈനലിൽ മൂന്നാം ദിനം വിദർഭയ്ക്കെതിരെ കേരളത്തിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. ISL ൽ ഇന്ന് ഒഡീഷ FC – മുഹമ്മദൻ SC യെ നേരിടും.

Kerala's First Innings Progressing Against Vidarbha on Day 3 of Ranji Trophy Final; Odisha FC to Face Mohammedan SC in ISL Today.

=====================================================

**EU-PM**

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായുള്ള പ്രതിനിധിതല ചർച്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. 2004 മുതൽ തന്ത്രപരമായ പങ്കാളികളാണ് ഇന്ത്യയും യൂറോപ്പും. വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കറുമായി യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു.

==========================================================

**PREZ - (INTRO)**

രാജ്യത്തെ നീതി നിർവ്വഹണ പ്രക്രിയയിൽ സുപ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് ഫോറൻസിക് വിഭാഗമെന്നും മേഖലയിൽ സ്ത്രീപ്രാതിനിധ്യം കൂടുന്നതിൽ അഭിമാനമുണ്ടെന്നും രാഷ്ട്രപതി ദ്രൗപദി മുർമു.ഗുജറാത്ത് സന്ദർശനത്തിന്റെ ഭാഗമായി ഗാന്ധിനഗറിലെ ദേശീയ ഫോറൻസിക് സയൻസ് സർവകലാശാലയുടെ മൂന്നാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യയെ നയിക്കാൻ എല്ലാവരും ശ്രമിക്കണമെന്ന് ശ്രീമതി മുർമു വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

**(HOLD FOR BYTE .............)**

==========================================================

**NATIONAL SCIENCE DAY**

ഇന്ന് ദേശീയ ശാസ്ത്ര ദിനം. വിഖ്യാത ഭൗതിക ശാസ്ത്രജ്ഞനായ സർ സിവി രാമൻ 'രാമൻ ഇഫക്ട്' കണ്ടെത്തിയതിൻറെ സ്മരണാർത്ഥം എല്ലാ വർഷവും ഫെബ്രുവരി 28 ന് ശാസ്ത്രദിനം ആചരിക്കുന്നു. "ആഗോള ശാസ്ത്രമേഖലയിലെ നേതൃനിരയിലെത്താൻ യുവാക്കളെ

ശാക്തീകരിക്കുക - വികസിത ഭാരതത്തിലേക്ക് മുന്നേറുക " എന്നതാണ് ഈ വർഷത്തെ പ്രമേയം. ജിജ്ഞാസയാണ് ശാസ്ത്രത്തിൻ്റെ മാതാവെന്നും ശാസ്ത്രവും നൂതനത്വവും ജനകീയമാക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ദിനാചരണ സന്ദേശത്തിൽ പറഞ്ഞു. വികസിത ഭാരതം കെട്ടിപ്പടുക്കാൻ ശാസ്ത്രത്തെ പ്രയോജനപ്പെടുത്തണമെന്നും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

==========================================================

**RAJNATH–EXHIBITION**

ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പ്രതിരോധ, വ്യോമയാന പ്രദർശനം  രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ഉദ്ഘാടനം ചെയ്യും. ഹൈദരാബാദിലെ ഗച്ചിബൗളി സ്റ്റേഡിയത്തിലാണ് പ്രദർശനം. ഇന്ത്യയുടെ ഹൈപ്പർസോണിക് മിസൈൽ, യുദ്ധ ടാങ്ക് അർജുൻ , ഡ്രോണുകൾ, റഡാറുകൾ, തുടങ്ങിയവ പ്രദർശിപ്പിക്കും.

==========================================================

**WAYANAD – K RAJAN**

വയനാട് ഉരുൾപൊട്ടൽ ബാധിത മേഖലയിലെ പുനരധിവാസത്തിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം തന്നെയുണ്ടാകുമെന്ന് മന്ത്രി കെ രാജൻ. പുനരധിവാസം സംബന്ധിച്ച് ആശങ്ക വേണ്ടെന്നും മന്ത്രി പറഞ്ഞു. തൃശ്ശൂരിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് മുതൽ വാർഡ് മെമ്പർ വരെ ഉൾപ്പെട്ട DDMA ആണ് പട്ടിക തയ്യാറാക്കിയത്. ഒറ്റപ്പെട്ടു പോയ ജനങ്ങൾക്ക് വേണ്ടി നാല് പാലങ്ങളും എട്ട് റോഡുകളും സർക്കാർ നിർമ്മിക്കും.

ആദ്യ ഘട്ടത്തിൽ എൽസ്റ്റോൺ എസ്റ്റേറ്റ് ഏഴു സെൻറ് ഭൂമിയിൽ ആയിരം സ്ക്വയർ ഫീറ്റ് വീട് വീതം നിർമിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

================================================================

**WAYANAD COLLECTORATE**

വയനാട് ഉരുൾപൊട്ടൽ മേഖലയിലെ പുനരധിവാസം വൈകുന്നതിൽ പ്രതിഷേധിച്ച് യു.ഡി.എഫ് പ്രവർത്തകർ കളക്ടറേറ്റ് ഉപരോധിച്ചു. സമരത്തിനിടെ പോലീസും സമരക്കാരുമായി ചെറിയതോതിൽ സംഘർഷമുണ്ടായി.

================================================================

**VENJARAMOODU MURDER**

വെഞ്ഞാറമൂട് കൂട്ടക്കൊലപാതകക്കേസിൽ പൊലീസ് അന്വേഷണം തുടരുന്നു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന പ്രതി അഫാനെ ഇന്ന് റിമാൻഡ് ചെയ്യുമെന്നാണ് സൂചന. മെഡിക്കൽ ബോർഡിൻറെ നിർദേശ പ്രകാരമായിരിക്കും അഫാനെ പൊലീസ് കസ്റ്റഡിയിൽ വാങ്ങുക. അതേസമയം, അഫാൻറെ പിതാവ് വിദേശത്തുനിന്ന് ഇന്ന് നാട്ടിലെത്തി.

================================================================

**ബ്രേക്ക്.......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

================================================================

**PM JAHAN E KHUSRAU**

സൂഫി സംഗീതോത്സവത്തിൻറെ 25-ാാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിലെ സുന്ദർ നഴ്സറിയിൽ നടക്കുന്ന ജഹാൻ-ഇ-ഖുസ്രു പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. മേളയിൽ ഒരുക്കിയ കരകൗശല വസ്തുക്കളുടെ വിപണന കേന്ദ്രമായ TEH

ബസാർ പ്രധാനമന്ത്രി സന്ദർശിക്കും. റൂമി ഫൌണ്ടേഷൻ സംഘടിപ്പിക്കുന്ന പരിപാടി ഞായറാഴ്ച സമാപിക്കും.

===========================================================

## SEBI-NEW CHAIRMAN

സെക്യൂരിറ്റീസ് ആൻറ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ, സെബിയുടെ പുതിയ ചെയർമാനായി ധനകാര്യ സെക്രട്ടറി തുഹിൻ കാന്ത പാണ്ഡെയെ നിയമിച്ചു. മൂന്ന് വർഷത്തേക്കാണ് നിയമനം. മാധബി പുരി ബുച്ചിൻറെ പിൻഗാമിയായാണ് അദ്ദേഹം നിയമിതനായത്.

===========================================================

## WAVES - EXPLORER

രാജ്യത്തെ കഥാകൃത്തുക്കൾക്കും സ്രഷ്ടാക്കൾക്കും മികച്ച അവസരവുമായി വേൾഡ് ഓഡിയോ വിഷ്വൽ & എൻറർടെയ്ൻമെൻറ് ഉച്ചകോടി. 'WAVES എക്സ്പ്ലോറർ ചലഞ്ച്' എന്ന പരിപാടിയിലൂടെ YouTube ഷോർട്ട്സ് നിർമ്മിക്കാനും ഇന്ത്യയെക്കുറിച്ചുള്ള കാഴ്ചപ്പാട് പ്രദർശിപ്പിക്കുന്നതിനുമാണ് അവസരം. രാജ്യത്തിന്റെ വൈവിധ്യം, ആധികാരികത, സർഗ്ഗാത്മകത എന്നിവ അവതരിപ്പിക്കുന്ന സ്വന്തമായി പ്രത്യേകം സൃഷ്ടിച്ച ഉള്ളടക്കമാണ് അയക്കേണ്ടത്.

===========================================================

## NADDA-ODISHA VISIT - (INTRO)

സമഗ്ര ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന ആരോഗ്യ നയമാണ് 2017 മുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്നതെന്ന് കേന്ദ്രമന്ത്രി ജെ പി നഡ്ഡ. ദേശീയ ആരോഗ്യ ദൗത്യം സംഘടിപ്പിക്കുന്ന 9-ാമത് ദേശീയ ഉച്ചകോടിയുടെ ഉദ്ഘാടനം ഒഡിഷയിലെ പുരിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഗുണനിലവാരമുള്ളതും എല്ലാവർക്കും പ്രാപ്തമാകുന്നതുമായ ആരോഗ്യ പരിചരണത്തിന് പ്രാധാന്യം നൽകണമെന്നും ശ്രീ നഡ്ഡ പറഞ്ഞു.

**(HOLD FOR BYTE...............)**

രാജ്യത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണം, പദ്ധതി പുരോഗതി എന്നിവ സംബന്ധിച്ച് രണ്ട് ദിവസത്തെ ഉച്ചകോടിയിൽ ചർച്ചയാകും. രണ്ട് ദിവസത്തെ ഒഡീഷ സന്ദർശനത്തിനായി കേന്ദ്ര മന്ത്രി ഇന്ന് രാവിലെയാണ് ഭുവനേശ്വറിലെത്തിയത്.

===========================================================

**RANJI TROPHY**

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിന്റെ മൂന്നാം ദിനം ഒന്നാം ഇന്നിംഗ്സിൽ വിദർഭയ്ക്കെതിരെ കേരളത്തിൻറെ ബാറ്റിംഗ് പുരോഗമിക്കുന്നു. ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ കേരളം 5 വിക്കറ്റ് നഷ്ടത്തിൽ 219 റൺസ് എന്ന നിലയിലാണ്. ആദ്യ ഇന്നിംഗ്സിൽ 379 റൺസാണ് വിദർഭ നേടിയത്.

===========================================================

**ISL**

ISL ഫുട്ബോളിൽ ഇന്ന് ഒഡീഷ FC – മുഹമ്മദൻ SC യെ നേരിടും. രാത്രി 7.30 ന് ഭുവനേശ്വറിലെ കലിങ്കാ സ്റ്റേഡിയത്തിലാണ് മത്സരം.

===========================================================

**REV. CHAMPIONS TROPHY**

ഐസിസി പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാൻ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30-ന് ലാഹോറിലെ ഗദ്ദാഫി സ്റ്റേഡിയത്തിലാണ് മത്സരം.

===========================================================

## HAKKIM KOOTTAYI

27 വർഷത്തെ സേവനത്തിന് ശേഷം ആകാശവാണി വാർത്താ അവതാരകൻ ഹക്കീം കൂട്ടായി ഇന്ന് വിരമിക്കും. 1997 നവംബറിൽ ഡൽഹി ന്യൂസ് സർവീസസ് ഡിവിഷണിൽ മലയാളം വാർത്താ അവതാരകനായി സേവനം ആരംഭിച്ച ഹക്കീം കൂട്ടായി 2000 ഡിസംബറിലാണ് കോഴിക്കോട് നിലയത്തിൽ എത്തുന്നത്. കോഴിക്കോട് നിലയത്തിലെ പ്രാദേശിക വാർത്താ അവതാരകനായിരുന്ന കാലയളവിൽ ആകാശവാണിയുടെ ജനപ്രിയ ശബ്ദമായി മാറി. മലപ്പുറം തിരൂർ സ്വദേശിയാണ്.

=============================================================

## ODIYA ACTOR DIES

അന്തരിച്ച ഒഡിയ ചലച്ചിത്രതാരം ഉത്തം മൊഹന്തിയുടെ സംസ്കാരം ഇന്ന് പൂർണ്ണ സംസ്ഥാന ബഹുമതികളോടെ നടക്കും. ഗുരുഗ്രാമിലെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. 130-ലധികം ഒഡിയ ചിത്രങ്ങളിലും 30 ബംഗാളി സിനിമകളിലും ' ഹിന്ദി സിനിമയിലും ഉത്തം മൊഹന്തി അഭിനയിച്ചിട്ടുണ്ട്. നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാഞ്ചി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.

=============================================================

## FUR. REV. BIHAR TREMORS

നേപ്പാളിൽ ഇന്ന് പുലർച്ചെ റിക്ടർ സ്കെയിലിൽ 6.1 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടു. തലസ്ഥാനമായ കാഠ്മണ്ഡുവിൽ നിന്ന് 65 കിലോമീറ്റർ കിഴക്കായി ഭൈരവ്കുണ്ഡയിലാണ് ഭൂചലനത്തിൻ്റെ പ്രഭവകേന്ദ്രം. നാശനഷ്ടങ്ങളോ ജീവഹാനിയോ റിപ്പോർട്ട് ചെയ്തിട്ടില്ല. അതേസമയം, പ്രകമ്പനത്തിന്റെ തുടർച്ചയെന്നോണം

ബിഹാർ, പശ്ചിമ ബംഗാൾ, സിക്കിം സംസ്ഥാനങ്ങളുടെ പല ഭാഗങ്ങളിലും പുലർച്ചെ ഭൂചലനം അനുഭവപ്പെട്ടു.

==========================================================

## BANGLADESH – NEW POLITICAL PARTY

ബംഗ്ലാദേശിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പുതിയ രാഷ്ട്രീയ പാർട്ടി ആരംഭിച്ചു. കഴിഞ്ഞ വർഷം മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയെ പുറത്താക്കിയ പ്രതിഷേധത്തിൻ്റെ മുൻനിരയിൽ നിന്ന വിദ്യാർത്ഥികളാണ് നാഷണൽ സിറ്റിസൺസ് പാർട്ടി എന്ന പേരിൽ പാർട്ടി രൂപീകരിച്ചത്. ഇടക്കാല ഗവൺമെന്റിന്റെ ഉപദേഷ്ടാവായിരുന്ന നഹിദ് ഇസ്ലാമിനെ പാർട്ടി കൺവീനറായും അക്തർ ഹോസനെ മെമ്പർ സെക്രട്ടറിയായും നിയമിച്ചതായി പാർട്ടി വക്താക്കൾ സമൂഹ മാധ്യമ പോസ്റ്റിൽ അറിയിച്ചു. പാർട്ടീ രൂപീകരണവുമായി ബന്ധപ്പെട്ട് ധാക്കയിൽ പൊതുസമ്മേളനം ഒരുക്കിയതായും സംഘാടകർ വ്യക്തമാക്കി.

==========================================================

## PIYUSH GOYAL–EU COMMISSIONER

കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ, യൂറോപ്യൻ വ്യാപാര സാമ്പത്തിക സുരക്ഷാ കമ്മീഷണറുമായി ആശയവിനിമയം നടത്തി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറും വ്യാപാര സാങ്കേതിക കൗൺസിലിൻ്റെ പുരോഗതിയും ചർച്ചയായതായി ശ്രീ ഗോയൽ സമൂഹ മാധ്യമത്തിൽ കുറിച്ചു. യൂറോപ്യൻ യൂണിയനും ഇന്ത്യയും പങ്കാളികളാകുന്ന വ്യാപാര, നിക്ഷേപ ബന്ധങ്ങൾ കൂടുതൽ ശക്തമാകുമെന്നും കേന്ദ്ര മന്ത്രി ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു.

==========================

=====================================

=======================================================